Minister for Education, Food and Labour **(Sri. T. K. Narayana Pillai):**
(*a*) No.
(*b*) In view of the answer to part (*a*), this question does not arise.

ശ്രീ. ഈപ്പൻ അറയ്ക്കൽ: കൊല്ലത്തു് കഴിഞ്ഞ ജനുവരി ൧൫, ൧൬ തീയതികളിൽ ക്ഷീരവകുപ്പുമന്ത്രി ഉൾപ്പെടെ പർച്ചേസിംഗ് ആഫീസേഴ്സിന്റെ ഒരു കാൺഫറൻസ് നടന്നിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ടായിരിക്കണം. അല്ലെങ്കിൽ മെമ്പർ ഈ ചോദ്യം ചോദിക്കുകയില്ലായിരുന്നുവല്ലൊ.

ശ്രീ. ഈപ്പൻ അറയ്ക്കൽ: അതിൽ ഹോട്ടൽകാക്കു് റേഷൻ അനുസരിച്ചു മല്ലാതെ ഗ്രയിൻസ് കൂട്ടിക്കൊടുക്കാൻ പാടില്ലെന്നു് ഉത്തരവു നൽകിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല.

ശ്രീ. ഈപ്പൻ അറക്കൽ: ഹോട്ടൽകാക്കു് കൂടുതൽ ആവശ്യമുണ്ടെന്നു കണ്ടാൽ കൂട്ടിക്കൊടുക്കുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെ ആവശ്യമുണ്ടെന്നുകണ്ടാൽ കൂട്ടിക്കൊടുത്തുവരുന്നുണ്ടു്.

RECOVERY OF PROPERTIES

*696. [30] **Sri. Eapen Arakal:** Will the Hon'ble the Chief Minister be pleased to state whether any representation has been received by the Government from the tenants of the taluks of Kottayam, Changanachery and Peermade praying for the immediate stay of decrees for recovery of properties demised on Kanom, Kanapattam tenures?

Minister for Law, Finance and Revenue **(Sri. A. J. John):** Yes, a memorial has been received.

ശ്രീ. ഈപ്പൻ അറയ്ക്കൽ: കഴിഞ്ഞ വർഷം ഉണ്ടായിട്ടുള്ള ആക്ടനുസരിച്ചു് കാണപ്പാട്ടം വസ്തുക്കൾ സിവിൽ ജഡ്ജി അനുസരിച്ചു് നടത്തി എടുക്കുന്നുണ്ടെന്നറിയാമോ?

ശ്രീ. എ. ജെ. ജാൺ: അങ്ങനെ ഇല്ലെന്നു ഗവൺമെൻറിനറിയാം.

ശ്രീ. ഈപ്പൻ അറയ്ക്കൽ: കാണപ്പാട്ടത്തിനുള്ള വിവരണമനുസരിച്ചു് ചില സ്ഥലങ്ങളിൽ ഇങ്ങനെ നടന്നുവരുന്നു എന്നു് കാണിച്ചു ഗവൺമെൻറിനു പരാതികൾ ലഭിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഇല്ല. നിയമം വ്യാഖ്യാനിക്കേണ്ടതു് കോടതിയാണു്. നിയമം ഉണ്ടാക്കുന്നതു് നിയമസഭയും എന്നാൽ അതിന്റെ വ്യവസ്ഥകളിലെ വ്യാഖ്യാനം കോടതിയുമാണു് ചെയ്യുന്നതു്. എന്നാൽ ആ നിയമം നിർമ്മിച്ചതിന്റെ ഉദ്ദേശത്തിനു വിപരീതമായി നടക്കുന്നു എന്നു കാണുകയാണെങ്കിൽ ആ നിയമത്തിനു ഭേദഗതി അവതരിപ്പിക്കുവാൻ ബഹു. മെമ്പറന്മാർക്കു് അവകാശമുണ്ടല്ലോ.

ശ്രീ. ഈപ്പൻ അറയ്ക്കൽ: ഇങ്ങനെ പരാതി ഉണ്ടെന്നു കാണുന്നസ്ഥിതിക്കു ഒരു ഭേദഗതി ഉണ്ടാക്കി ഒഫീഷ്യലായിട്ടതന്നെ ഒരു ബില്ലവതരിപ്പിക്കാമോ?

Mr. Speaker: That is a request for action.

LIBRARY ARCHIVES Kerala Legislative Assembly